LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - സി) സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) ലഭ്യമായ രേഖകൾ പ്രകാരം നിയമവിരുദ്ധമായി ഭൂമി പണയപ്പെടുത്തിയയുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി റെയ്ഞ്ചിലെ മീരാ ഫ്ലോർസ്, ചെറുനെല്ലി, കാരപ്പാറ-എ, ബ്രൂക്ക് ലാന്റ് എന്നീ തോട്ടമുടമകൾക്കും, കൊല്ലങ്കോട് റെയ്ഞ്ചിലെ സ്മിതാ മൗണ്ട് എസ്റ്റേറ്റ്, ലക്ഷ്മി എസ്റ്റേറ്റ് എന്നിവയുടെ ഉടമകൾക്കുമെതിരെയും, നെല്ലിയാമ്പതി റെയ്ഞ്ചിലെ വി.കെ.ടി. പ്രൈവറ്റ് ലിമിറ്റഡ് (ചന്ദ്രമല), എ.വി.റ്റി. മണലാരു ഗ്രൂപ്പ് എന്നിവർക്കെതിരെയും പടഗിരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത യഥാക്രമം 5/12, 6/12, 7/12, 8/12, 9/12, 10/12, 418/13, 419/13 എന്നീ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ 5/12, 6/12, 7/12, 8/12, 9/12, 10/12 എന്നീ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് കേന്ദ്ര സർക്കാരും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 418/13, 419/13 എന്നീ കേസുകൾ മുകളിൽ പരാമർശിച്ച കേസുകളോട് സമാന സ്വഭാവമുള്ളതായതിനാൽ സി.ബി.ഐ.-ക്ക് ഏറ്റെടുക്കാൻ കഴിയില്ലെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

മിഷൻ 676-ലെ ഊരിനൊണർവ് കാടിനൊണർവ് പദ്ധതി

299 (301) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ആദിവാസികളുടെ ഊരുകളുടെ ഉന്നമനത്തിന് "ഊരിനൊണർവ് കാടിനൊണർവ്" പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) കൃഷി രക്ഷാ പദ്ധതി - വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള 256 കോടി രൂപയുടെ സംസ്ഥാനതല പദ്ധതി.

(2) "ഊരിനുണർവ് കാടിനുണർവ്" - ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള വനസൗഹൃദ പദ്ധതി 725 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(3) ജലസമൃദ്ധി - ജലലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി 20 കോടി രൂപ ചെലവിൽ 500 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

(4) ഇക്കോ കേഡറ്റ്സ് - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ആയിരത്തോളം വിദ്യാർത്ഥികളെ ചേർത്ത് ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥി സേനയെ വാർത്തെടുക്കുന്ന പദ്ധതി. 25 ലക്ഷം രൂപ ചെലവ് വരും.

(5) കരുവിക്കൊരു കൂട് - സംസ്ഥാനവ്യാപകമായി മാദ്ധ്യമ പ്രവർത്തകരുടെ സംഘടനകളും മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കുരുവികളുടെ സംരക്ഷണത്തിനായുള്ള പദ്ധതി. 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(6) പ്രകൃതിമിത്ര അവാർഡ്- ഓരോ പഞ്ചായത്തിലും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്ത് തലത്തിൽ 2000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പ്രകൃതിമിത്ര അവാർഡ് ഏർപ്പെടുത്തുന്ന പദ്ധതി.

(7) Budding Birders - (തുടക്കക്കാരായ പക്ഷി നിരീക്ഷകർ) - വിദ്യാർത്ഥികളിൽ പക്ഷി നിരീക്ഷണത്തിനും, ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള 15 ലക്ഷം രൂപയുടെ പദ്ധതി.

(8) രക്ഷയ്ക്കായി ഒരു വൃക്ഷം - പൊതുജനങ്ങൾക്കായി ഏകദേശം 75 ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2014-15 വർഷം നടപ്പാക്കി.

(9) തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - അന്താരാഷ്ട്ര നിലവാരത്തിലുള്ള തൃശ്ശൂർ മൃഗശാലയുടെ ഉദ്ഘാടനം 2016-ൽ നടത്താനുള്ള പദ്ധതി.

(10) അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ നവീന സൗകര്യങ്ങളും കൂടുതൽ സംവിധാനങ്ങളും ഏർപ്പെടുത്തി ഫോറസ്റ്റ് അക്കാഡമി ആക്കുന്ന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28-5-2014-ലും ഡിവിഷൻ തല ഉദ്യോഗസ്ഥരുടെ ഒരു യോഗം 7-6-2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു.

(ഡി) മിഷൻ 676-ൽ പ്പെട്ട പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോ കേഡറ്റ്സ്, പ്രകൃതിമിത്രാ അവാർഡ്, കുരുവിക്കൊരു കൂട്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി നൽകി. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. 200 ലക്ഷം രൂപയുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് ഭരണാനുമതിയ്ക്ക് നൽകിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

വന്യജീവി വാരാഘോഷം

300 (302) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ആഘോഷപരിപാടികൾ എന്തൊക്കെയാണ് ; പ്രസ്തുത ആഘോഷത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിരുന്നുവെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ നല്കുമോ ?

ഉത്തരം

(എ) രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതലുള്ള ഒരാഴ്ചക്കാലം വന്യജീവി വാരമായി വർഷം തോറും ആചരിച്ചുവരുന്നുണ്ട്. വനം-വന്യജീവി സംരക്ഷണ സന്ദേശം പൊതുജനങ്ങളിൽ, പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ എത്തിക്കുകയും വിവിധ പരിപാടികളിലൂടെ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തവും പ്രേരണയും ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly